**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3188** **14-02-2024 - ല്‍ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും നദികളിലുമുള്ള മത്സ്യ സമ്പത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും നദികളിലും കണ്ടുവരുന്ന അപൂർവ്വങ്ങളായതും അന്യം നിന്ന് പോകുന്നതുമായ മത്സ്യ സമ്പത്തുകൾ സംരക്ഷിക്കാനും ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | ആവാസ വ്യവസ്ഥകളുടെ നശീകരണവും കാലാവസ്ഥാ വ്യതിയാനവും മൂലം മത്സ്യസമ്പത്ത് കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഉൾനാടൻ ജലാശയങ്ങളിലും നദികളിലും അനധികൃത മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിന് വേണ്ടി വകുപ്പുതല പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പിന്നാമ്പുറ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു. ടി പദ്ധതി പ്രകാരം തദ്ദേശീയ മത്സ്യങ്ങളായ കരിമീൻ, വരാൽ തുടങ്ങിയ മത്സ്യങ്ങളുടെ വിത്തുല്പാദനം നടത്തുന്നതിനു 2022-23 സാമ്പത്തിക വർഷം 15 യൂണിറ്റുകളും 2023-24 വർഷം 28 യൂണിറ്റുകളും കാസർഗോഡ് ജില്ലക്ക് അനുവദിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 3 ലക്ഷം രൂപയാണ് ചെലവു വരുന്നത്. അതിനു 1.2 ലക്ഷം രൂപ കർഷകന് സബ്സിഡിയായി നൽകുന്നു.<br><br>കൂടാതെ പൊതുജലാശയങ്ങളിൽ മത്സ്യസമൃദ്ധി ലക്ഷ്യം വെച്ച് കാസർഗോഡ് ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി (2023-24) യിൽ 10 ലക്ഷം രൂപ അടങ്കലിൽ വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പടന്ന തെക്കേക്കാട് ലാന്റിംഗ് സെന്റർ പരിസരത്തുള്ള കായലിൽ 87,500 പൂമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ രണ്ടാം ഘട്ട മത്സ്യവിത്ത് നിക്ഷേപം മടിക്കൈ പഞ്ചായത്തിലെ അരയി പുഴയോട് ചേർന്നുള്ള പുളിക്കാൽ തോടിൽ ഇന്ത്യൻ മേജർ കാർപ്പ് വിഭാഗത്തിൽപ്പെടുന്ന കട്ല, രോഹു, മൃഗാൾ എന്നീ ഇനങ്ങളിൽ 4,60,167 എണ്ണം മത്സ്യവിത്ത് നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ